2012-13-ൽ ഉൽപ്പാദനം 508299 മെടിക് ടൺ ആയിരുന്നത് 2013-14-ൽ 564325 മെടിക് ടൺ ആയി വർദ്ധിക്കുകയുണ്ടായി. ആയതിനാൽ 2013-14 വർഷം മുൻ വർഷത്തേക്കാൾ 56026 മെടിക് ടൺ നെല്ല് അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട് (11.02% വർദ്ധനവ്)

(സി) 2011-12 വർഷം 14 ജില്ലകളിലുമായി ആകെ 3407 ഹെക്ടർ സ്ഥലത്ത് തരിശുനില നെൽകൃഷി നടപ്പിലാക്കാൻ സാധിച്ചു. ആയതിനാൽ 246.37 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. 2012-2013 വർഷം ആകെ 1373.4 ഹെക്ടർ തരിശുനിലം 321.27 ലക്ഷം രൂപ ചെലവഴിച്ച് കൃഷിയോഗ്യമാക്കുകയുണ്ടായി. 2013-2014 വർഷം തരിശുനില നെൽകൃഷി 1903.95 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കുകയുണ്ടായി. 2014-15 വർഷം 1805.802 ഹെക്ടർ സ്ഥലത്ത് തരിശുനില നെൽകൃഷി നടപ്പിലാക്കി വരുന്നു.

(ഡി) പുതിയ പദ്ധതികളൊന്നും തൽക്കാലം പരിഗണനയിലില്ല.

നീറുകക്ക സബ്സിഡി

165 (3139) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകർഷകർ നീറുകക്ക വാങ്ങാത്തതുമൂലം കുട്ടനാട്ടിലെ കൃഷിഭവനുകളിൽ നീറുകക്കയുള്ള സബ്സിഡി തുക കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തുക എത്രയെന്ന് വിശദമാക്കുമോ ;

(സി) നീറുകക്ക വാങ്ങുന്നതിന് സാമ്പത്തികമില്ലാത്ത കർഷകർക്ക് ഏക്കറിന് 600 (അറുന്നൂറ്) രൂപയുടെ സബ്സിഡി തുകയുള്ള നീറുകക്ക ഉപാധികളില്ലാതെ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നീറുകക്ക വാങ്ങുന്നതിന് ഹെക്ടറിന് 3000 രൂപ നിരക്കിൽ 15000 ഹെക്ടറിന് 450 ലക്ഷം രൂപ ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ചിരുന്നു. ടി തുകയിൽ 245 ലക്ഷം രൂപ ചെലവാകാതെ സറണ്ടർ ചെയ്യുകയുണ്ടായി.

(സി) സോയിൽ അമിലിയോറൻസ് ഇൻ സെലക്ടഡ് ഡിസ്ട്രിക്ട് 2014-15 പദ്ധതി അനുസരിച്ച് ഏറ്റവും കുറഞ്ഞത് 240 കിലോഗ്രാം നീറുകക്ക ഒരു ഏക്കറിന് ചേർക്കേണ്ടതാണ്. 600 രൂപയുടെ സബ്സിഡി തുകയുള്ള നീറുകക്ക ശുപാർശ പ്രകാരമുള്ള അളവിൽനിന്നും വളരെ കുറവായതിനാൽ ആയത് ഉപാധികളില്ലാതെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാൻ പ്രയാസമാണ്.

LIBRARY ARCHIVES Kerala Legislative Assembly